**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം: 1619 | 21.01.2014 ലെ<br>മറുപടിയ്ക്ക് |

**ന്യൂനപക്ഷക്ഷേമ വകുപ്പ് – പ്രവർത്തന രീതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ;<br>ബി) എങ്കിൽ പ്രസ്തുത വകുപ്പ് രൂപീകരിച്ചിട്ട് എത്ര കാലമായി എന്ന് അറിയിക്കുമോ; | എ) യും ബി) യും<br>ഉണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ട് 01.01.14-ന് 3 വർഷമായി. |
| സി) ഈ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | സി) വകുപ്പിന്റെ വിവിധ പദ്ധതികളുടേയും പ്രവർത്തനങ്ങളുടേയും ജില്ലാതല ഏകോപനത്തിനായി എല്ലാ കളക്ടറേറ്റിന് കീഴിലും ന്യൂനപക്ഷ സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ മോണിറ്ററിംഗിന് കളക്ടറേറ്റ് ന്യൂനപക്ഷ സെക്ഷനേയും മുസ്ലീം യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിലെ സൂപ്പർ വൈസറി ഉദ്യോഗസ്ഥർ നേരിട്ടും പദ്ധതികൾ മോണിറ്റർ ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (MSDP) നിർവ്വഹണത്തിനായി ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ കളക്ടർമാരെ നോഡൽ ഓഫീസർമാരായും നിശ്ചയിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടറേറ്റ് കമ്പ്യൂട്ടറൈസ്ഡ് ചെയ്യുന്നതിനും വകുപ്പിന് കീഴിലെ മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ഓൺലൈൻ ആക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ഡി) പ്രസ്തുത വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും എത്ര സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ഡി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് - 18 തസ്തികകൾ<br>ജില്ലാകളക്ടറേറ്റുകളിലെ ന്യൂനപക്ഷസെല്ലുകൾ - 14 തസ്തികകൾ<br>മുസ്ലീം യുവവജന പരിശീലന കേന്ദ്രങ്ങൾ - 72 തസ്തികകൾ<br>മദ്രസ്സ അദ്ധ്യാപകക്ഷേമനിധി ഓഫീസ് - 5 തസ്തികകൾ<br>സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് - 2 തസ്തികകൾ |
| ഇ) പ്രസ്തുത വകുപ്പ് ഇതേവരെ പരിഗണിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും അവ പൂർത്തിയാക്കിയത് സംബന്ധിച്ചതുമായ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഇ)<br>1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രങ്ങൾ. (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.)<br>3. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി. (തുടർ പദ്ധതി) |

4. സ്വയം സഹായ സംഘങ്ങൾ വഴി ന്യൂനപക്ഷ സ്ത്രീശാക്തീകരണത്തിനായി ഓരോ യൂണിറ്റിനും 2.5 ലക്ഷം രൂപ വീതം ധനസഹായം നൽകി.

<u>നടപ്പു വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.</u>

(i) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി .

(ii) സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

(iii) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി.

(iv) ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ -റീ-ഇംബേഴ്സ് മെന്റ് സ്കീം.

(v) ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.

(vi) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് / വിവാഹ മോചിതർക്ക് ഭവന പദ്ധതി.

(vii) വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.

സെക്ഷൻ ഓഫീസർ